# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1154 | 20.01.2014 ൽ മറുപടിക്ക് |
|---|---|

**തിരുവനന്തപുരം റീജിയണൽ ഡി.ഡി. ഓഫീസിൽ ഫയലുകൾ തീർപ്പാക്കാൻ അദാലത്ത്**

| | ചോദ്യം. | ഉത്തരം |
|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | ശ്രീ. പി. കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | വിദ്യാഭ്യാസവകുപ്പ് തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഫയലുകളിൽ തീർപ്പു കൽപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇല്ല. |
| (ബി) | പ്രസ്തുത ആഫീസിൽ എത്ര ഫയലുകൾ തീർപ്പ് കൽപിക്കാനുണ്ടെന്ന് ഫയൽ നമ്പർ സഹിതം വിശദമാക്കിക്കൊണ്ടുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ; | ഏകദേശം 848 ഫയലുകൾ തീർപ്പ് കൽപ്പിക്കാനുണ്ട്. വിശദ വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്നും ആയത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | നിലവിൽ ഒഴിവുകൾ ഒന്നുമില്ല. |
| (ഡി) | പ്രസ്തുത ഓഫീസിൽ മൂന്ന് മാസത്തിലധികം കാലതാമസമുള്ള ഫയലുകൾ അദാലത്ത് നടത്തിയോ അടിയന്തര നടപടികൾ സ്വീകരിച്ചോ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | അദാലത്ത് നടത്തി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ